പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 394 12.06.2012-ൽ മറുപടിയ്ക്ക്

## എനിവേയർ പേയ്മെൻറ് ഫെസിലിറ്റി.

| ചോദ്യം<br>ശ്രീ. എം. ഹംസ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വിദ്യുച്ഛക്തി ഉപഭോക്താക്കൾക്ക് എനിവേയർ പേയ്മെൻറ് ഫെസിലിറ്റി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് എനിവേയർ പേയ്മെൻറ് ഫെസിലിറ്റി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കെ. എസ്. ഇ. ബിയുടെ ഏതൊരു സെക്ഷൻ ഓഫീസിലേയും വൈദ്യുതി ബില്ലുകൾ, കേരളത്തിലെ മറ്റ് ഏതൊരു സെക്ഷൻ ഓഫീസിലും അടയ്ക്കാനുള്ള സംവിധാനമാണ് എനിവേയർ പേയ്മെൻറ് ഫെസിലിറ്റി. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ ഈ സംവിധാനം നിലവിൽ വരുത്താനുള്ള നടപടികൾ 09-02-2012 മുതൽ ആരംഭിച്ചിട്ടുണ്ട്. ആർ. എ. പി. ഡി. ആർ. പി (RAPDRP) വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തിലുടനീളം ഈ സംവിധാനം നിലവിൽ വരും. |
| (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് ഇൻറർനെറ്റ് വഴിയുള്ള ബിൽ പേയ്മെൻറ് സംവിധാനം നിലവിലുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് നിലവിലുള്ളത് ; ഇല്ലെങ്കിൽ ഈ സംവിധാനം എന്നത്തേക്ക് നടപ്പിലാക്കാനാവുമെന്നും എവിടെയെല്ലാം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ബി) | എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക ഇൻറർനെറ്റ് ബാങ്കിംഗ് വഴിയും ഡബിറ്റ് / ക്രഡിറ്റ് കാർഡ് വഴിയും സ്വീകരിക്കുന്നതിനുള്ള സംവിധാനം 06-07-2011 മുതൽ നിലവിലുണ്ട്. എൽ. റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലുകൾ, ഇൻറർനെറ്റ് വഴി അടയ്ക്കുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ നിലവിൽ വരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആർ. എ. പി. ഡി. ആർ. പി വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി കേരളമൊട്ടാകെ ഈ സംവിധാനം നിലവിൽ വരും. |

സെക്ഷൻ ഓഫീസർ.